പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3081

11.12.2014 ൽ
മറുപടിക്ക്

## കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി ഭൂമി

ചോദ്യം
ശ്രീ.റ്റി.യു. കുരുവിള :

ഉത്തരം
ശ്രീ. അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി വിട്ടുനൽകുന്നതിന് കണ്ടെത്തിയ ഭൂമി റവന്യൂ പുറമ്പോക്കാണെന്ന് വ്യക്തമായ സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതു സംബന്ധിച്ച് എടുത്ത തീരുമാനം നടപ്പാക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 07.09.13 ലെ സ.ഉ. (സാധാ) 4927/13/റവ നമ്പർ ഉത്തരവ് പ്രകാരം 1.0076 ഹെക്ടർ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പ് 13.01.14 ൽ ഏറ്റെടുത്തിട്ടുള്ളതായി കോതമംഗലം തഹസീൽദാർ അറിയിച്ചിട്ടുള്ളതും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം വനം വകുപ്പിന് ആവശ്യമുള്ള സ്ഥലം എത്രയെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും, ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ബേബി.എം.ജി. എന്നയാൾ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ, ചെന്നൈ മുമ്പാകെ 214/14 നമ്പരായി ഫയൽ ചെയ്ത കേസ് നിലവിലുള്ളതുമാണ്. |
| (ബി) | 4.9.2011 ലെ മന്ത്രിസഭാ തീരുമാനം അനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കാതിരിക്കാൻ ചില നിക്ഷിപ്ത താല്പര്യക്കാർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ശക്തമായ നടപടികൾ സ്വീകരിച്ച് തീരുമാനം നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സെക്ഷൻ ഓഫീസർ |

കേരള സർക്കാർ

സംഗ്രഹം

റവന്യു വകുപ്പ് - കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ട് നൽകുന്നത് സംബന്ധിച്ച് 28-05-2013 -ൽ ബഹു.മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

റവന്യു (പി) വകുപ്പ്

സ.ഉ (ആർ.റ്റി) നം. 4927/13/റവ. തീയ്യതി , തിരുവനന്തപുരം, 07 -09-2013

---

പരാമർശം - 1. എറണാകുളം ജില്ലാ കളക്ടറുടെ 15-05-2013 -ലെ 1-13-60571/09 നമ്പർ കത്ത്.
2. 24-05-2013 -ലെ കോതമംഗലം മുനിസിപ്പൽ സെക്രട്ടറിയുടെ പി.ഡബ്ല്യു-2 -6920/09 നമ്പർ കത്ത്.
3. 28-05-2013 -ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനം.
4. 03-06-2013 -ലെ ലാന്റ് റവന്യു കമ്മീഷണറുടെ എൽ.ആർ. (കെ.4) 896/10 നമ്പർ കത്ത്.
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05-08-13 -ലെ പ്രൊ (8)-7622/09 നമ്പർ കത്ത്.

## ഉത്തരവ്

കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി. വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ട് നൽകുന്നത് സംബന്ധിച്ച് 28-05-2013 -ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങളിൻമേൽ നടപടി സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 75 സെന്റ് സ്ഥലം കോതമംഗലം മുനിസിപ്പാലിറ്റിയുടെ പൊതു ആവശ്യത്തിനായി റവന്യു വകുപ്പിന് കൈമാറുവാൻ വനം വകുപ്പ് സന്നദ്ധത പ്രകടിപ്പിച്ചു.

2. നിലവിലുള്ള ഫോറസ്റ്റ് കെട്ടിട സമുച്ചയത്തിന് പകരം അതിന്റെ സ്ഥലത്ത് പുതിയ ഫോറസ്റ്റ് കോംപ്ലക്സ് പണിയണം.

3. നിലവിലുള്ള ക്വാർട്ടേഴ്സിന് പകരം പുതിയ ഫ്ളാറ്റ് പണിയണം. ടി ഫോറസ്റ്റ് കോംപ്ലക്സും ഫ്ളാറ്റും ഫോറസ്റ്റ് വകുപ്പിന്റെ അധീനതയിലായിരിക്കണം.

4. ഗ്രീൻ ബെൽറ്റ് സ്ഥാപിക്കണം

5. 28-11-2011 ലെ ഹൈപവർ കമ്മിറ്റിയോഗ തീരുമാനപ്രകാരം വനം വകുപ്പിന്റെ തടി ഡിപ്പോ മാറ്റി സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം.

6. ഫോറസ്റ്റ് വകുപ്പിനാവശ്യമായ സ്ഥലം എത്രയെന്നു റവന്യു വകുപ്പിനെ അറിയിക്കണം.

7. ഫോറസ്റ്റ് വകുപ്പിനും, മുനിസിപ്പാലിറ്റിക്കും നൽകിക്കഴിഞ്ഞുള്ള ബാക്കി സ്ഥലം റവന്യു വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

( ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം )

ജി. കമലവർദ്ധനറാവു
സെക്രട്ടറി
റവന്യു വകുപ്പ്

To

സെക്രട്ടറി, വനം വന്യജീവി വകുപ്പ്
ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം.
ചെയർമാൻ, കോതമംഗലം മുനിസിപ്പാലിറ്റി
വനം വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ.4160 തീയതി 04-09-2013)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

വകർപ്പ് - PS to Minister (Rev)
CA to Secretary (Rev)
CA to Additional Secretary (Rev)
Under Secretary (Rev)